**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *93** | **28.04.2017-ൽ മറുപടിയ്ക്ക്**

## മലയോര, തീരദേശ ഹൈവേകൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എം.വിൻസെന്റ്**<br>**,, അടൂർ പ്രകാശ്**<br>**,, കെ.സി.ജോസഫ്**<br>**,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് മലയോര, തീരദേശ ഹൈവേകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;<br><br>(ബി) ഇതു സംബന്ധിച്ച് വിശദമായ പഠന റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ; | (എ) & (ബി) | സംസ്ഥാനത്ത് മലയോര ഹൈവേയും, തീരദേശ ഹൈവേയും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.<br>കേരളത്തിലെ മലയോര പ്രദേശങ്ങൾ സിറ്റികളുമായി യോജിപ്പിക്കുന്നതിനു വേണ്ടി കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവു മുതൽ തിരുവനന്തപുരം ജില്ലയിലെ കടുക്കറ വരെ നിലവിലുള്ള റോഡ് വികസിപ്പിച്ച് മലയോര ഹൈവേ ആയി നിർമ്മിക്കുവാൻ സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ മലയോര ഹൈവേ നിർമ്മാണത്തിനായി NATPAC മുഖേന പഠനം നടത്തുകയും, ഇതിന്റെ അടിസ്ഥാനത്തിൽ G.O.(Ms)44/09/PWD dated 6/07/2009 പ്രകാരം 1195 കി.മീ. ദൈർഘ്യമുള്ള NATPAC നിർദ്ദേശിച്ച അലൈൻമെന്റിന് അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. തുടർന്ന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 23.11.2016-ൽ കൂടിയ യോഗതീരുമാനമനുസരിച്ച് മലയോര ഹൈവേ സംബന്ധിച്ച് മരാമത്ത് വകുപ്പ് നാട്പാക് |

ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തി പ്രായോഗികമായി ഏറ്റെടുക്കാവുന്ന ഭാഗങ്ങൾ ഘട്ടം ഘട്ടമായി ഏറ്റെടുക്കുന്നതിനുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി. ഇതനുസരിച്ച് മലയോര ഹൈവേ സംബന്ധിച്ച് മരാമത്ത് വകുപ്പ് നാട്പാക് ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തുകയും, ഈ പരിശോധനയുടെ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി ഏറ്റെടുത്ത് ചെയ്യുവാനുള്ള ഭാഗങ്ങളെ സംബന്ധിച്ച് നാട്പാക് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഇതനുസരിച്ച് ഒന്നാം ഘട്ടത്തിൽ 121.90 കി.മീ. റോഡും, രണ്ടാം ഘട്ടത്തിൽ 287.69 കി.മീ. റോഡും, മൂന്നാം ഘട്ടത്തിൽ 368.61 കി.മീ. റോഡും വികസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതു കൂടാതെ നിലവിലുള്ള റോഡുകളിൽ 213.04 കി.മീ. ഭാഗം ഓവർലേ ചെയ്യുന്നതിനും വിഭാവനം ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

NATPAC സമർപ്പിച്ചിട്ടുള്ള നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ ഇടക്കാല റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം ജില്ലയിൽ പൂവാറിൽ നിന്നും ആരംഭിക്കുകയും കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലൂടെ കടന്ന് കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിലെ കണ്വതീർത്ഥ എന്ന സ്ഥലത്ത് അവസാനിക്കുകയും ചെയ്യുന്നു.

NATPAC -ന്റെ സർവ്വേ പ്രകാരം നിർദ്ദിഷ്ട ഹൈവേയ്ക്ക് 591.5 കി.മീ. നീളവും 6612 കോടി രൂപയുടെ ചെലവുമാണ് പ്രതീക്ഷിക്കുന്നത്. നിർദ്ദിഷ്ട ഹൈവേയ്ക്ക് 12 മീറ്റർ റൈറ്റ് ഓഫ് വേയും, 7 മീറ്റർ കാരിയേജ് വേയുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. സ്ഥല പരിമിതിയുള്ള പ്രദേശങ്ങളിൽ കാരിയേജ് വേയുടെ വീതി 5.5 മീറ്ററായി നിജപ്പെടുത്തിയിട്ടുണ്ട്.

ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ജില്ല | നീളം | പ്രതീക്ഷിക്കുന്ന പുനരുദ്ധാരണ ചെലവ് (കോടി) |
|---|---|---|
| തിരുവനന്തപുരം | 78 | 451.94 |
| കൊല്ലം | 55.1 | 1005.01 |
| ആലപ്പുഴ | 82.1 | 798.46 |
| എറണാകുളം | 66.6 | 603.38 |
| തൃശ്ശൂർ | 63.9 | 633.46 |
| മലപ്പുറം | 70.3 | 705.38 |
| കോഴിക്കോട് | 87.3 | 1069.6 |
| കണ്ണൂർ | 72.7 | 362.35 |
| കാസർഗോഡ് | 80.7 | 478.19 |
| **ആകെ** | **656.7** | **6107.77** |

**(സി)** ഇവയുടെ മുഖ്യപ്രയോജനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ്; വിവരിക്കുമോ;

**(സി)** മലയോര ഹൈവേ നടപ്പിലാക്കുന്നതു വഴി കേരളത്തിലെ മലയോര പ്രദേശങ്ങളിലെ ഗതാഗതം സുഗമമാക്കുന്നതോടൊപ്പം, മലയോര പ്രദേശങ്ങളെ സംസ്ഥാനത്തെ മറ്റ് നഗര പ്രദേശങ്ങളിലെ റോഡുകളുമായി ബന്ധിപ്പിക്കുന്നതിനും അതുവഴി മലയോര പ്രദേശ ജനങ്ങളുടെ ജീവിത നിലവാരത്തിന്റെ ഉന്നമനത്തിന് വഴിയൊരുക്കുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ ഈ പദ്ധതി സംസ്ഥാനത്തെ സമഗ്ര വികസനത്തിനും വഴിയൊരുക്കുന്നതാണ്.

തീരദേശ ഹൈവേയുടെ മുഖ്യ പ്രയോജനങ്ങൾ താഴെ പറയുന്നതാണ്.

1 ദേശീയപാതയിലെ ഗതാഗതകുരുക്ക് ലഘൂകരിക്കുക.
2 പ്രധാനപ്പെട്ട ഹാർബറുകളും മത്സ്യവിപണന കേന്ദ്രങ്ങളും ബന്ധിപ്പിക്കൽ
3 തീരദേശ മേഖലയുടെ സർവ്വതോൻമുഖ പുരോഗതിക്ക് വഴി തുറക്കുക
4 വിനോദ സഞ്ചാര മേഖലയിൽ പുത്തൻ ഉണർവ് ഉണ്ടാക്കുക

**(ഡി)** ഹൈവേകളുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് എങ്ങനെ സ്വരൂപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ള - തെന്നു വിശദീകരിക്കുമോ;

**(ഡി)** മലയോര ഹൈവേ , തീരദേശ ഹൈവേ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക കിഫ്ബി വഴി സ്വരൂപിച്ച് നിക്ഷേപിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി യഥാക്രമം 3500 കോടിയും. 6500 കോടിയും 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

**(ഇ)** ഇവയുടെ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

**(ഇ)** മലയോര ഹൈവേ അലൈൻമെന്റിൽ വരുന്ന കണ്ണൂർ ജില്ലയിലെ ചെറുപുഴ മുതൽ വള്ളിത്തോട് വരെയുള്ള 59.415 കി.മീ ഭാഗത്തിന് 237.20 കോടി രൂപയുടെ ഭരണാനുമതിയും, 205.00 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ നല്ല രീതിയിൽ പുരോഗമിച്ചുവരികയാണ്. കാസർഗോഡ് ജില്ലയിൽ നന്ദാരപ്പടവ് മുതൽ ചെറുപുഴ വരെയുള്ള 33 കി.മി. ഭാഗം സർക്കാർ ഉത്തരവ് നം.109/2017/ പൊ.മ.വ. തീയതി 25/01/2017 പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള താണ്. ഈ പ്രവൃത്തിക്ക് സാങ്കേതി - കാനുമതി നൽ കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മലയോര തീരദേശ പദ്ധതികൾ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

**സെക്ഷൻ ഓഫീസർ**